(ബി) 2010-11-ൽ എത്ര ഇക നികുതിയിനത്തിൽ അടച്ചു ; 2012-13, 2014-2015, 2015-16-ൽ വിൽപന നികുതിയിനത്തിൽ അടച്ച ഇക എത്രയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 95,78,380 രൂപ

(ബി)

വർഷം	ഇക
2010-11	3,35,09,933
2012-13	3,59,97,793
2014-15	5,11,07,791
2015-16 (upto October 2015)	2,36,36,589

ബില്ല് നൽകാതെ നടക്കുന്ന വിൽപ്പനകൾ

124 (130) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നികുതി ബാധകമായ ഉൽപന്നങ്ങൾ വിൽപന നടത്തുന്ന സ്ഥാപനങ്ങൾ ബില്ലുകൾ നൽകാതിരിക്കുന്നതായി വാണിജ്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ബില്ല് നൽകാതെ നടക്കുന്ന വിൽപനകൾ മൊത്തം വിൽപനയുടെ എത്ര ശതമാനം വരുമെന്ന് അറിയിക്കാമോ ;

(സി) ബില്ലുകൾ ഇല്ലാതെ വിൽപന നടക്കുന്നില്ലെന്നുറപ്പിക്കാൻ സാധ്യമായിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) ഇപ്രകാരം വിൽപന നടത്തിയ എത്ര കേസ്സുകൾ കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ ഓരോ വർഷവും വാണിജ്യ നികുതി വകുപ്പ് കണ്ടെത്തുകയുണ്ടായി ; എത്ര പേർ പ്രസ്തുത കുറ്റത്തിന് ശിക്ഷിക്കപ്പെട്ടു; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ബില്ല് നൽകാതെ വിൽപ്പനകൾ നടക്കുന്നു എന്ന് വ്യക്തമായ വിവരം ലഭ്യമാകുന്ന കേസ്സുകളിൽ വകുപ്പ് സത്വര നടപടികൾ എടുക്കാറുണ്ട്. ഇതിനായി test purchase നടത്തുകയും ബില്ലില്ലാത്ത കേസ്സുകളിൽ spot compounding നടപടി സ്വീകരിക്കുകയും ചെയ്യാറുണ്ട്.

(സി) ബില്ലുകൾ ഇല്ലാതെ വിൽപന നടക്കുന്നില്ലെന്ന് ഉറപ്പിക്കാൻ വാണിജ്യ നികുതി വകുപ്പിലെ ഇന്റലിജൻസ് വിഭാഗം പരിശോധനകൾ നടത്തുന്നുണ്ട്.

(ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

പെട്രോൾ-ഡീസൽ വിലയോടൊപ്പമുള്ള അധിക സെസ്

125 (131) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെട്രോൾ-ഡീസൽ വിലയോടൊപ്പം സംസ്ഥാന സർക്കാർ ഏതെല്ലാം ഇനത്തിൽ എത്ര ശതമാനം തുക സംസ്ഥാനത്ത് ഈടാക്കി വരുന്നുണ്ട് ; വിശദമാക്കാമോ ;

(ബി) റോഡ്/ഹൗസിംഗ്/സൗജന്യ മണ്ണെണ്ണവിതരണം തുടങ്ങി ഏതെല്ലാം പദ്ധതികൾക്ക് വേണ്ടിയാണ്അധിക സെസ്, പെട്രോൾ-ഡീസൽ ഉപഭോക്താക്കളിൽ നിന്നും ഈടാക്കാൻ ഈ സർക്കാർ തീരുമാനിച്ചത് ; ഏത് തീയതി മുതലാണ് ഈ സെസുകൾ ഏർപ്പെടുത്തി ഈടാക്കി തുടങ്ങിയത് ;

(സി) സംസ്ഥാന സർക്കാർ പെട്രോൾ-ഡീസൽ വിൽപ്പനയിൽ അധികമായി ഈടാക്കുന്ന നികുതി, സെസ് എന്നീ ഇനത്തിൽ 2011-12 മുതൽ ഇന്നുവരെ ഓരോ വർഷവും അധികമായി ലഭിച്ച റവന്യൂ വരുമാനം എത്ര കോടിയാണ് ;

(ഡി) ഇപ്രകാരം പിരിച്ചെടുത്ത തുക പ്രഖ്യാപിത പദ്ധതികൾക്ക് വിനിയോഗിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) പെട്രോൾ-ഡീസൽ എന്നിവയുടെമേൽ 31.80%, 24.52% യഥാക്രമം വിൽപ്പന നികുതി ചുമത്തിവരുന്നു. കൂടാതെ വിൽപ്പന നികുതിയിൻമേൽ 1% സോഷ്യൽ സെക്യൂരിറ്റി സെസ്സും, 1-4-2015 മുതൽ ലിറ്ററിന് 1 രൂപ നിരക്കിൽ അധിക വിൽപ്പന നികുതിയും ചുമത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly